# Weekly Devotions- '2016' January

## 'Wash and be cleansed'

### (കുളിച്ച് ശുദ്ധനാകുക)



'2016 ജനുവരി 31' ലോകകുഷ്ഠരോഗ നിർമ്മാർജ്ജന ദിനമായി കരുതുന്നത് കുഷ്ഠരോഗത്തേയും അതിന്റെ വരും വരാഴികയെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുവാനാണ്.

**മനസ്സിലാക്കേണ്ട ചില നിർദ്ദേശങ്ങൾ**

1 കുഷ്ഠരോഗമാണെന്ന് മനസ്സിലാക്കിയാൽ ഉടൻ ചികിത്സാക്രമങ്ങൾ ആരംഭിച്ചാൽ സൗഖ്യം സുനിശ്ചിതമാണ്.

2. അമാന്തിച്ചാൽ രോഗാണുക്കൾ ത്വക്കിനേയും ഞരമ്പുകളേയും നശിപ്പിക്കുന്നു.

3. ചികിത്സ സൗജന്യമാണ്.

4. ചികിത്സാക്രമങ്ങൾ അനുസരിക്കാത്തവർക്ക് അംഗവിഹീനത വരെ ഉണ്ടാകുന്നു.

5. അനസ്തേഷ്യ നൽകിയ രോഗി വേദന അറിയാത്തതുപോലെ, കുഷ്ഠം ബാധിച്ച ആൾ വേദന മനസ്സിലാക്കുന്നില്ല.

ദൈവവചനത്തിൽ അനേകപ്രാവശ്യം കുഷ്ഠരോഗത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ഇത് പാപത്തേയും അതിന്റെ നശീകരണശക്തിയേയും

പറ്റി കാണിക്കുവാനാണ്. മുകളിൽ പറഞ്ഞ 'അഞ്ച്' നിർദ്ദേശങ്ങളെ പാപമാകുന്ന കുഷ്ഠരോഗം ബാധിച്ചവരുടെ ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്ന് ചിന്തിക്കാം. പാപരോഗം ബാധിച്ചു എന്ന് കണ്ടെത്തിയാൽ ഉടൻ ചികിത്സ ആരംഭിക്കുന്നത് നല്ലതാണ്.'മുടിയനായ പുത്രന്' സുബോധം വന്നപ്പോൾ തന്നെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കലേക്ക് പോയി. (ലൂക്കോ:15:17-22). അവൻ അപ്പന്റെ അടുക്കലെത്തി പാപം ഏറ്റു പറഞ്ഞപ്പോൾ അവന് വിടുതൽ ലഭിച്ചു. പാപരോഗത്തിൽ നിന്ന് സ്വതന്ത്രനായി.

എന്നാൽ നയമാൻ തന്റെ കുഷ്ഠത്തെ മറച്ചുവച്ചപ്പോൾ രോഗം കഠിനമായി. സ്വന്തം വീട്ടിലെ അടിമയുടെ വാക്ക് കേട്ട് പ്രവാചകന്റെ അടുക്കലെത്തി, അനേക സമ്മാനങ്ങളുമായി. എന്നാൽ പ്രവാചകന്റെ നിർദ്ദേശം അനുസരിച്ചാലെ വിടുതൽ ഉള്ളൂ എന്നും, അത് സൗജന്യമാണെന്നും നയമാന് ദൈവം മനസ്സിലാക്കികൊടുത്തു. പാപം കഠിനമെന്ന് കരുതി ദൈവത്തിന്റെ അടുക്കൽ ചെല്ലാതിരുന്നാലും, അനുസരണക്കേട് കാണിച്ചാലും ആപത്താണ്. കുഞ്ഞാടിന്റെ രക്തത്താൽ കഴുകി ശുദ്ധി പ്രാപിക്കുക. പാപമാകുന്ന കുഷ്ഠം നശിപ്പിച്ച ചിലരെ പഴയനിയമത്തിൽ കാണാം.

1. നിഗളം മൂലം ഉസ്സിയാവ് (2ദിന:26:19)
2. അസൂയമൂലം മിര്യ്യാം (സംഖ്യ:12:1-10)
3. ധനമോഹം മൂലം ഗേഹസി (2 രാജ:5:20-27)

പുതിയനിയമത്തിൽ തന്റെ അടുക്കൽ വന്ന പത്ത് കുഷ്ഠരോഗികളോട് അന്നത്തെ ആചാരമനുസരിച്ച് പുരോഹിതന്റെ അടുക്കൽ



പോയി നിങ്ങളെ കാണിപ്പീൻ എന്ന് യേശു പറഞ്ഞു (ലൂക്കോ:17:11-19) യേശു പറഞ്ഞ ഉടനെ ശാരീരികമായി ഒന്നും സംഭവിച്ചില്ല പക്ഷേ, എവിടേക്ക് പോകാൻ പറഞ്ഞോ അത് അവർ അനുസരിച്ചു. എത്ര ദൂരം നടന്നു എന്ന് വചനത്തിലില്ല. അവർ സൗഖ്യം പ്രാപിച്ചതിന്റെ തെളിവാണ് മടങ്ങിവന്ന ശമര്യനോട് ബാക്കിയുള്ളവരെപ്പറ്റി യേശു ചോദിക്കുന്നത്. സൗഖ്യം പ്രാപിച്ചവൻ, വിടുതൽ തരുന്നവന് നന്ദി കരേറ്റുക എന്ന കാര്യം മറക്കരുത്. പ്രീയരേ പാപത്തിൽ മരിക്കാതെ ക്രിസ്തുവിൽ ജീവിപ്പാൻ ഇടയാകട്ടെ.

## <u>പ്രാർത്ഥന</u>

ഞങ്ങളുടെ പാപപരിഹാരകനായ യേശുവേ ! തക്കസമയത്ത് വൈദ്യനാകുന്ന അങ്ങയുടെ അടുക്കൽ എത്തുവാനുള്ള സുബോധം ഞങ്ങൾക്ക് തരേണമേ. വചനത്തിന്റെ സഹായത്താൽ രോഗം കണ്ടെത്തി, അങ്ങയുടെ അടുക്കൽ പ്രതിവിധിക്കായി എത്തുവാൻ കൃപ നൽകേണമേ.

ആമേൻ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind